*Anand, New Delhi, 5.12-2003*

---

പ്രിയപ്പെട്ട ജോൺ,

നിങ്ങൾ പറയുന്നത് എനിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. കേരളത്തിലെ ബൗദ്ധികവും സാംസ്കാരികവുമായ മണ്ഡലങ്ങളെ മിക്കവാറും വിഴുങ്ങിക്കഴിഞ്ഞിരിക്കുന്ന കാപട്യവും അവസരവാദവും സംവാദം സാധ്യമാക്കുന്ന ഇടങ്ങൾ എത്രയോ ചുരുക്കിക്കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയമായ മണ്ഡലം നമുക്ക് എന്നേ നഷ്ടപ്പെട്ടുകഴിഞ്ഞു. ബൗദ്ധികമായ മണ്ഡലത്തിലേക്ക് നോക്കുമ്പോൾ എന്നെ ഭീതിപ്പെടുത്തുന്നത് അതിന്റെ പിന്നിൽ നിൽക്കുന്ന, രാഷ്ട്രീയമായ മണ്ഡലത്തെ പണ്ടേ ഗ്രസിച്ചു കഴിഞ്ഞ, ഇരുട്ടാണ്.

സെൻസേഷനലൈസ് ചെയ്യുന്ന മാധ്യമങ്ങളും വിദൂഷകരാകുവാൻ ശ്രമിക്കുന്ന ബുദ്ധിജീവികളും മനസ്സിലാക്കാതെ പോകുന്നത് അവർ ആരുടെ വശം പിടിക്കുകയാണെന്ന് ഭാവിക്കുന്നുവോ, അവരെയാണ് അവർ അധികം ഉപദ്രവിക്കുന്നത് എന്നതാണ്. ഇത്തരം സംഭവത്തിൽനിന്ന് ഞാൻ ഒഴിഞ്ഞുനിന്നത് കലാപത്തിൽ അത് അവർക്ക് ഹാനിയായിത്തീരുമെന്ന സംശയത്താലാണ്.

നിങ്ങളുടെ സംഘടനയെപ്പറ്റി ഞാൻ കുറെയൊക്കെ കേട്ടിരുന്നു. കൂടുതൽ വിവരങ്ങൾ

ണത്തിന് നന്ദി. ഇപ്രാവശ്യം ഞാൻ കേരളത്തിലേക്ക് പോകുന്നുണ്ടാവില്ല. പോകുമ്പോൾ ബന്ധപ്പെടുവാൻ ശ്രമിക്കാം.

ആദിവാസികളെപ്പറ്റി പറയുമ്പോൾ, അവരുടെ ആവാസവ്യവസ്ഥയേയും, ഭൂമിയേയും, സ്വയംഭരണരീതികളെയും സംരക്ഷിക്കേണ്ടത് ആവശ്യം തന്നെ. പക്ഷെ വസ്തുനിഷ്ഠതയെ റൊമാന്റിസിസം ഗ്രസിക്കുമ്പോൾ സംഭവിക്കുന്നതു പോലെ ഇത് അവരുടെ പിന്നോക്കാവസ്ഥയേയും, അന്ധവിശ്വാസങ്ങളെയും, പലപ്പോഴും കാണാറുള്ള ക്രൂരമായ ആചാരാനുഷ്ഠാനങ്ങളെയും glorify ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തരുത്. Exclusion leads to withdrawal and finally to ghetto solidarity. (നാടോടി വർഗ്ഗങ്ങളുടെ കാര്യത്തിൽ ഇത് ഞാൻ കണ്ടിട്ടുള്ളതാണ്) കാട്ടിലെ ഫലമൂലാദികൾ ഭക്ഷിച്ചും, തേൻ സംഭരിച്ചും ജീവിച്ചാൽ മതി അവർ എന്ന ധാരണ പല സാഹിത്യകാരന്മാർക്കുമുണ്ട്. Upward mobility അവർക്കും വേണം, stagnation അല്ല. ആധുനിക ജീവിതത്തിൽ നമ്മളെല്ലാം ആസ്വദിക്കുന്ന സുഖങ്ങളും, വിദ്യാഭ്യാസവും, ആരോഗ്യവും അനുഭവിക്കുവാൻ അവർക്കും അവകാശമുണ്ട്...

സ്നേഹം

ആനന്ദ്